പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1777

01.11.2019-ൽ മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷകളും റിസൽട്ടുകളും

*ചോദ്യം*

ശ്രീ.കെ.വി.വിജയദാസ്

*ഉത്തരം*

ഡോ.കെ.ടി. ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാങ്കേതിക സർവ്വകലാശാലയിലെ റഗുലർ പരീക്ഷകളും സപ്ലിമെന്ററി പരീക്ഷകളും സമയബന്ധിതമായി നടത്തി ഫലം പ്രസിദ്ധീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദവിവരം നൽകുമോ; | (എ) | ഫല പ്രഖ്യാപനം വേഗത്തിലാക്കുവാനായി മൂല്യനിർണ്ണയ ക്യാമ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. മൂല്യനിർണ്ണയം സംബന്ധിച്ച് വിശദമായ സമയ പട്ടിക പരീക്ഷ തുടങ്ങും മുൻപ് തന്നെ പ്രസിദ്ധീകരിക്കുകയും അത് പാലിക്കുന്നുണ്ടെന്ന് സർവകലാശാല ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. മൂല്യനിർണ്ണയത്തിൽ നിന്നും വിട്ടുനിൽക്കുന്ന അദ്ധ്യാപകരിൽ നിന്നും പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ കൈകൊണ്ടു വരികയാണ്. |
| (ബി) | പ്രസ്തുത പരീക്ഷകൾക്ക് പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | പരീക്ഷകൾ നടത്തുന്നതിനുള്ള അക്കാദമിക് കലണ്ടർ സർവകലാശാല തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുസൃതമായി പരീക്ഷാ കലണ്ടർ സർവകലാശാല |

| | | | |
|---|---|---|---|
| | | | വെബ് സൈറ്റിൽ പരീക്ഷ തുടങ്ങും മുൻപ് തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) | പല സപ്ലിമെന്ററി പരീക്ഷകളും കഴിഞ്ഞ് മാസങ്ങളായിട്ടും റിസൾട്ട് പ്രസിദ്ധീകരിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദവിവരം നൽകുമോ? | (സി) | സപ്ലിമെന്ററി പരീക്ഷകളുടെ ഫല പ്രഖ്യാപനം വൈകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ